പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **30.01.2014-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ .3601**

**കടലാക്രമണത്തെത്തുടർന്നുണ്ടായ ഉപരോധസമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | അമ്പലപ്പുഴ പുറക്കാടും നീർകുന്നത്തും 2013 ഒക്ടോബർ മാസം 9-ാം തീയതി ഉണ്ടായ ശക്തമായ കടലാക്രമണത്തെത്തുടർന്ന് സർക്കാരിൽനിന്നും അടിയന്തിരനടപടി ആവശ്യപ്പെട്ട് മത്സ്യത്തൊഴിലാളികൾ പുറക്കാട് വില്ലേജ് ഓഫീസ് ഉപരോധിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഈ ഉപരോധസമരം അവസാനിപ്പിക്കുവാൻ നടത്തിയ ചർച്ചയിൽ മത്സ്യ തൊഴിലാളികൾ മുന്നോട്ടു വച്ച ആവശ്യങ്ങളും തുടർന്ന് അധികൃതർ നൽകിയ ഉറപ്പുകളും എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ; | (ബി) | കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും നീർക്കുന്നത്ത് കടൽഭിത്തിയില്ലാത്ത ഭാഗത്ത് തുടർച്ചയായി കല്ല് ഇടുന്നതിനും തീരുമാനിച്ചു. വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് സ്ഥലവും വീടും വയ്ക്കുന്നതിനും ധനസഹായം നൽകുന്നതിനും ഉറപ്പു നൽകി. വീട് നഷ്ടപ്പെട്ടവർക്ക് മാറി താമസിക്കുന്നതിന് അടിയന്തിര ധനസഹായമായി 10,000/- രൂപ നൽകുന്നതിനും തീരുമാനിച്ചു. |
| (സി) | ഈ ഉറപ്പുകളിൻമേൽ സ്വീകരിച്ച തുടർനടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; മത്സ്യ തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾക്കെല്ലാം പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | നീർക്കുന്നത്ത് കടൽ ഭിത്തി ഒഴിവുള്ള ഭാഗത്ത് തുടർച്ചയായി കല്ല് ഇടുകയും വീട് നഷ്ടപ്പെട്ട 8 പേർക്ക് അടിയന്തിര ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,000/- രൂപ വീതം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. വീട് നഷ്ടപ്പെട്ട 8 പേർക്ക് പുന്നപ്ര വില്ലേജിൽ സൈറ്റ് നമ്പർ 3 ൽ ഒഴിവുള്ള പ്ലോട്ടുകൾ അനുവദിച്ചു നൽകി. ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി 13-14 പ്രകാരം |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളെ [illegible] തിരഞ്ഞെടുക്കുന്നതിനുള്ള 21/01/2014 ലെ ജില്ലാതല ഗുണഭോക്തൃ കമ്മിറ്റി നീർക്കുന്നത്തും പുറക്കാടും 09/10/2013 ൽ ഉണ്ടായ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട 9 മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെന്റ് ചാട്ടയിൽ വീട് നൽകുന്നതിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. |

Jeyasree

**സെക്ഷൻ ഓഫീസർ**